**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ ശ്രീമതി.എസ്.ലക്ഷ്മിക്ക് ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 631/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 15.03.2019

പരാമർശം : നഗരകാര്യഡയറക്ടറുടെ 09.02.2016, 25.10.2018 തീയതികളിലെ ഇ 7- 11389/ 2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ ശ്രീമതി.എസ്.ലക്ഷ്മിക്ക് 29/01/2013 മുതൽ 22/01/2015 വരെ വ്യക്തിപരമായ ആവശ്യങ്ങൾക്കായും 23/01/2015 മുതൽ 16/06/2015 വരെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരവും 17/06/2015 മുതൽ 14/12/2015 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെയും ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം കത്തുകൾ പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു. ശ്രീമതി.ലക്ഷ്മി അവധി അനുവദിക്കുന്നതിന് മുമ്പ് ജോലിയിൽനിന്ന് വിട്ട് നിന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് പൂർത്തിയാക്കിയിട്ടുള്ളതുമാണെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ ശ്രീമതി.എസ്.ലക്ഷ്മിക്ക് 29/01/2013 മുതൽ 22/01/2015 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ലെന്ന വ്യവസ്ഥയിലും, 23/01/2015 മുതൽ 16/06/2015 വരെ ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചും, 18/06/2015 മുതൽ 14/12/2015 വരെ പ്രസവാവധി അനുവദിക്കുന്നതിന് നിയന്ത്രണാധികാരിക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.എസ്.ലക്ഷ്മി, എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, തിരുവനന്തപുരം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ